Draft #1 of File 7744/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Feb-2020 01:30 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് ചേർന്ന CAT മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 1047/AC B 7/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.02.2020

---

*പരാമർശം:*-(1) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനമായി ബന്ധപ്പെട്ട് 11/02/2020, 11.00 എ.എം ന് രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT മോണിറ്ററിംഗ് കമ്മറ്റിയുടെ യോഗം.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1 ) പ്രകാരം ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈകൊണ്ടു.

1. CAT 2020 പരീക്ഷയ്ക്കായി തയ്യാറാക്കിയ പ്രോസ്പെക്ടസ് യോഗത്തിൽ അവതരിപ്പിച്ചു. പ്രോസ്പെക്ടസിൽ ചില പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി ഒബ്ജക്റ്റീവ് പരീക്ഷയുടെ മാർക്ക് കൂടാതെ 50 മാർക്കിനുള്ള ഇന്റർവ്യൂ/ജി.ഡി / എഴുത്തുപരീക്ഷാ എന്നിവ നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശത്തിനായി നിലവിലുള്ള മാനദണ്ഡം 80 മാർക്കിൻറെ ഒബ്ജക്റ്റീവ് പരീക്ഷയും 20 മാർക്കിൻറെ പഠന വകുപ്പുകളിൽ വച്ച് നടക്കുന്ന ഇന്റർവ്യൂ /ജി.ഡി / എഴുത്തുപരീക്ഷാ എന്നിവയായതിനാൽ ഇക്കാര്യം ബഹു: വൈസ് ചാൻസലറുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു.

2. കേരളത്തിന് വെളിയിൽ CAT പരീക്ഷ മേൽ നോട്ടത്തിനായി പോകുന്ന ഉദ്യോഗസ്ഥർക്ക് വിമാനയാത്ര ആവശ്യമുള്ള പക്ഷം അത് അനുവദിക്കുവാൻ ശിപാർശ ചെയ്യുന്നു.

3. CAT ഒബ്ജക്റ്റീവ് പരീക്ഷാ ഫലം വിദ്യാർത്ഥികൾക്ക് അവരുടെ രജിസ്റ്റർ നമ്പർ ഉപയോഗിച്ച് മാത്രം കാണുവാൻ സാധിക്കുന്ന രീതിയിൽ വെബ്സൈറ്റിൽ വേണ്ട മാറ്റം വരുത്തുവാൻ ശിപാർശ ചെയ്യുന്നു.

4. CAT പരീക്ഷയ്ക്ക് അപേക്ഷാ സമർപ്പിക്കുന്ന വേളയിൽ വിവിധ ടെക്നിക്കൽ പ്രശ്നങ്ങളാൽ ഒന്നിൽ കൂടുതൽ തവണ അപേക്ഷാ ഫീസ് നഷ്ടമാകുന്ന സാഹചര്യത്തിൽ ഇത് തിരികെ കൊടുക്കുന്നതിനുള്ള നടപടികൾ സുഗമമാക്കുന്നതിനായി വിദ്യാർത്ഥികൾക്ക് അവരുടെ പേയ്മെൻറുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ ചെയ്യുവാൻ സൗകര്യം ഏർപ്പെടുത്തുന്ന രീതിയിൽ CAT പരീക്ഷയ്ക്ക് അപേക്ഷാ സമർപ്പിക്കുന്നതിനുള്ള വെബ്സൈറ്റിൽ മാറ്റം വരുത്തുവാൻ ശിപാർശ ചെയ്യുന്നു.

5. CAT പരീക്ഷ കേന്ദ്രങ്ങളായ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് പരീക്ഷയുമായി ബന്ധപ്പെട്ടുള്ള ചോദ്യപ്പേപ്പർ ഉൾപ്പെടെയുള്ള സാധനങ്ങൾ കൊണ്ടുപോകുന്നതിതിനും തിരികെ കൊണ്ടുവരുന്നതിനുമായി പരീക്ഷ നടക്കുന്നതിൻറെ തലേ ദിവസവും പരീക്ഷാ ദിവസവും സർവ്വകലാശാല വാഹനം അനുവദിക്കുവാൻ ശിപാർശ ചെയ്യുന്നു.

6. CAT പരീക്ഷയ്ക്കായി ദേശിയ തലത്തിൽ 2 ഇംഗ്ലീഷ് പത്രത്തിലും, 2 ഹിന്ദി പത്രത്തിലും (ദൈനിക് ജാഗരൺ, ദൈനിക് ഭാസ്കർ എന്നിവ), കേരളത്തിനകത്തും പത്രപരസ്യം നൽകുന്നത് സംബന്ധിച്ച് രജിസ്ട്രാർ ബഹു: വൈസ് ചാൻസലർ, പി.ആർ.ഒ എന്നിവരോട് ആലോചിച്ച് യുകതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ ശിപാർശ ചെയ്യുന്നു.

7. SC/ST സംവരണ വിഭാഗത്തിനായി നീക്കിവച്ചിരിക്കുന്ന സീറ്റുകൾ SEBC വിഭാഗത്തിന് പരിവർത്തനം ചെയ്ത് നൽകുമ്പോൾ SEBC വിഭാഗത്തിലെ ഏത് ക്യാറ്റഗറിക്കാണ് മുൻഗണന ക്രമത്തിൽ നൽകേണ്ടത് എന്നത് സംബന്ധിച്ച് ഗവൺമെൻറ്റ് അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം പിൻതുടരുവാൻ ശിപാർശ ചെയ്യുന്നു.

8. സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി CAP വഴി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ അവസാന വർഷ ബിരുദ വിദ്യാർത്ഥികളുടെ ഫോൺ നമ്പറിലേക്ക് CAT പരീക്ഷ നോട്ടിഫിക്കേഷൻ സംബന്ധിച്ച അറിയിപ്പ് കഴിഞ്ഞ വർഷം നൽകിയതുപോലെ നൽകുന്നതിന് ശിപാർശ ചെയ്യുന്നു.

9. കേരളത്തിന് വെളിയിൽ ഉള്ള പരീക്ഷ കേന്ദ്രങ്ങളുടെ വാടക, ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ, ഒ.എ തുടങ്ങിയവരുടെ പ്രതിഫലം അതാത് പരീക്ഷാ കേന്ദ്രത്തിൻറെ മേലധികാരിയുമായി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളാമെന്ന് ശിപാർശ ചെയ്യുന്നു.

10. കേരളത്തിന് വെളിയിൽ CAT പരീക്ഷ നടക്കുന്ന സ്ഥലങ്ങളിലുള്ള പ്രധാനപ്പെട്ട കോളേജുകൾക്ക് പരീക്ഷ സംബന്ധിച്ച അറിയിപ്പ് നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റൻറ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

Draft #1 of File 7744/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Feb-2020 01:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(1 ) എല്ലാ പഠന വകുപ്പ് മേധാവിമാർക്കും

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെ പി. എ (ക്രമനമ്പർ നമ്പർ 6 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക്), എ.ഡി.ബി 5 (ഉത്തരവ് നമ്പർ 2 അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി)

(6) CITAD സെക്ഷൻ (ഉത്തരവ് നമ്പർ 3,4, 8 എന്നിവ അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)

(7) CAT മോണിറ്ററിംഗ് സമതി അംഗങ്ങൾക്ക്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 7744/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 24-Feb-2020 01:30 PM - Page 3